**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് മുഖേന കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാരിന്റെ കാലത്ത് പ്രസരണമേഖലക്ക് കീഴിൽ കയ്പമംഗലം മണ്ഡലത്തിൽപ്പെടുന്ന 33 കെ.വി കയ്പമംഗലം സബ്സ്റ്റേഷനിൽ പുതിയ 5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുകയും 7.44 കി.മീ. പുതിയ 33 കെ.വി ലൈൻ വെള്ളാങ്ങല്ലൂർ മുതൽ അഞ്ചങ്ങാടി വരെ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ RDSS സ്കീമിൽപ്പെടുത്തി വലപ്പാട് -കയ്പമംഗലം -അഞ്ചങ്ങാടി 33 കെ.വി ലൈൻ ശക്തിപ്പെടുത്തുന്ന ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>കയ്പമംഗലം നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 106.61 kW സ്ഥാപിതശേഷിയിൽ 16 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 42,63,706/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അനെർട്ട് മുഖേന കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കൈപ്പമംഗലം മണ്ഡലത്തിൽ അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് ആയി താഴെ പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>• പിഎച്ച്സി മതിലകം പഞ്ചായത്ത്–5 കിലോവാട്ട് |

- വെറ്റിനറി ഹോസ്പിറ്റൽ മതിലകം പഞ്ചായത്ത് – 5 കിലോവാട്ട്
- ലൈബ്രറി ബിൽഡിംഗ് മതിലകം പഞ്ചായത്ത് – 2 കിലോവാട്ട്
- ആയുർവേദ ഡിസ്പെൻസറി ശ്രീനാരായണപുരം പഞ്ചായത്ത് –5 കിലോവാട്ട്
- എഫ്എച്ച്സി ശ്രീനാരായണപുരം പഞ്ചായത്ത് – 5 കിലോവാട്ട്
- എസ് സി സാംസ്കാരിക നിലയം ശ്രീനാരായണപുരം പഞ്ചായത്ത് -6 കിലോവാട്ട്
- വെറ്റിനറി ഹോസ്പിറ്റൽ എറിയാട് പഞ്ചായത്ത് - 3കിലോവാട്ട്
- ജിഎൽപി സ്കൂൾ അഴിക്കോട് എറിയാട് പഞ്ചായത്ത് - 3 കിലോവാട്ട്
- എഫ് എച്ച് സി മാധവന – 5 കിലോവാട്ട്

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു.ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി കയ്പമംഗലം മണ്ഡലത്തിൽ ലഭ്യമാണ്. കയ്പമംഗലം, ഇടവിലങ്ങ് കൃഷിഭവനുകളിൽ പദ്ധതിയുടെ സർവ്വേ നടപടികൾക്കായി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്

**<u>ഇ.എം.സി</u>**

- ഇ.എം.സി യുടെ "ഊർജ്ജയാൻ" പദ്ധതിയുടെ ഭാഗമായി കയ്പമംഗലം നിയോജക മണ്ഡലത്തിൽ താഴെ കൊടുത്തിരിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട് .

1. മതിലകം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

| | | | |
|---|---|---|---|
| | | | 2. എറിയാട് ഗ്രാമപഞ്ചായത്ത് ഓഫീസ്<br>3. എടവിലങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസ്<br>4. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഓഫീസ്<br>5. മതിലകം ഗ്രാമപഞ്ചായത്ത് ഓഫീസ്<br>6. പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ഓഫീസ്<br>7. കയ്പമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ്<br>8. എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ഓഫീസ്<br><br>• മേല്പറഞ്ഞ പഞ്ചായത്ത് ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതാത് പഞ്ചായത്ത് ഓഫീസുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കെട്ടിടങ്ങളുടെ സംക്ഷിപ്ത ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട കയ്പമംഗലം നിയോജക മണ്ഡലം MLA യ്ക്കും സമർപ്പിച്ചിട്ടുണ്ട്.<br>• "ഊർജ്ജയാൻ" പദ്ധതിയുടെ തുടർനടപടികളുടെ ഭാഗമായി കയ്പമംഗലം നിയോജക മണ്ഡലത്തിലെ മതിലകം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടത്തിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ലൈറ്റുകളും ബി.ഇ.ഇ സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചിലവ് എനർജി മാനേജ്മന്റ് സെന്റർ ന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവാക്കിയത്<br>• ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കയ്പമംഗലം നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്ത് ഓഫീസുകളിലുമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ 153 ഫാനുകളും 121 ട്യൂബ് ലൈറ്റുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ലൈറ്റുകളും സ്ഥാപിക്കുന്നത് വഴി പ്രതിവർഷം 14,744 യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | കയ്പമംഗലം മണ്ഡലത്തിലെ എത്ര വീടുകൾക്ക് സോളാർ പദ്ധതി മുഖേന പ്രയോജനം ലഭിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ; | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>കൊടുങ്ങല്ലൂർ ഡിവിഷനു കീഴിലുള്ള കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 3065 വീടുകൾക്ക് സോളാർ പദ്ധതി മുഖേന പ്രയോജനം ലഭിച്ചിട്ടുണ്ട് (കൈപ്പമംഗലം - 553 എണ്ണം. മതിലകം - 618 എണ്ണം. പെരിഞ്ഞനം - 963 എണ്ണം എറിയാട് - 931 എണ്ണം) |

| | | | |
|---|---|---|---|
| | | | **<u>അനെർട്ട്</u>**<br><br>അനെർട്ടിന്റെ സൗരതേജസ് പദ്ധതി വഴി 7 വീടുകളിൽ ആകെ 14 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. |
| (സി) | കയ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്തെ വീടുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കാമോ? | (സി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 5425 കണക്ഷനുകൾ നൽകുകയും, 25.81 കി.മീ. എച്ച്.റ്റി (HT) ലൈൻ വലിക്കുകയും ചെയ്തു. വോൾട്ടേജ് ക്ഷാമം കുറയ്ക്കാനും വിതരണ ശൃംഖല കൂടുതൽ സുരക്ഷിതമാക്കുന്നതിനും വേണ്ടി 28 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 112.5 കി.മീ എൽ.റ്റി. (LT) ലൈൻ വലിക്കുകയും, 7.35 കി.മീ. ലൈൻ കൺവെർഷൻ ചെയ്യുകയും, നിലവിലുള്ള 33.3 കി.മീ. വരുന്ന പഴയ എച്ച്.റ്റി (HT) കമ്പി മാറ്റി എച്ച്.റ്റി. എ.ബി.സി. (HT ABC) ആക്കുകയും, പഴയ 377.28 കി.മീ. വരുന്ന എൽ.റ്റി. (LT) കമ്പി മാറ്റി എൽ.റ്റി. എ.ബി.സി. (LT ABC) ആക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ**

| Sl. No. | Landmark | Section |
|---|---|---|
| 1 | Mathilagam | Mathilakom |
| 2 | Dubai Road | Mathilakom |
| 3 | Yamuna Cotta | Perinjanam |
| 4 | Aravussala | Perinjanam |
| 5 | Chendrapinni | Kaippamangalam |
| 6 | Papsco Bank | Mathilakom |
| 7 | Papilinivattom Service Cooperative Bank | Perinjanam |